ശ്രീ. പി. നാണു: റിപ്പോർട്ടിന്റെ ഇന്നത്തെ നിലയെന്താണ്?

ശ്രീ. എൽ. എം. പൈലി: അതു് പല നടപടികളും കഴിഞ്ഞു പോയിട്ടുണ്ട്.

ശ്രീ. പി. നാണു: ഒരു ബിൽ അവതരിപ്പിക്കുവാനുള്ള നിലയിൽ അതു എത്തി കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിന്റെ സമീപത്തിൽ എത്തിയിട്ടുണ്ട്.

ശ്രീ. പി. നാണു: ഈ അസംബ്ലിയിൽ അതു് അവതരിപ്പിക്കാൻ കഴിയുമോ?

ശ്രീ. എൽ. എം. പൈലി: ഈ സെക്ഷനിൽ കഴിയുകയില്ല.

ശ്രീ. പി. നാണു: ഈ അസംബ്ലിയുടെ ജീവിതത്തിൽ സാധിക്കുമോ?

ശ്രീ. എൽ. എം. പൈലി: അതു പറയുവാൻ സാധിക്കുകയില്ല.

ശ്രീ. പി. നാണു. ബഹുമാനപ്പെട്ട മന്ത്രിയുടെ മൻഗാമി അങ്ങിനെ പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. എൽ. എം. പൈലി: എന്റെ മൻഗാമി എന്താണു് പറഞ്ഞിട്ടുള്ളതെന്നു എനിക്കിപ്പോൾ നിശ്ചയമില്ല.

പുതുവൽ പതിവു്

*൭൦. (൧) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി സഭയിൽ മറുപടി പറയുമോ.—

(എ) കിളിമാനൂർ ഇടവകയിലെ പുതുവൽ പതിവു സംഗതിയിൽ ക്രമക്കേടുകൾ ഉണ്ടെന്നും മറ്റും കാണിച്ചു് ഇടവക കടിയാന്മാർ ഗവണ്മെന്റിനു മെമ്മോറിയൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ആ മെമ്മോറിയലിന്റെ അസ്സൽ ഇപ്പോൾ ഏതു് ഉദ്യോഗസ്ഥന്റെ അല്ലെങ്കിൽ ഏതു് ആഫീസിന്റെ അധീനതയിൽ ഇരിക്കുന്നു;

(സി) അതിന്റെ ഇതേവരെയുള്ള നടപടി തീയതിക്രമത്തിനു പറയാൻ ഭയമുണ്ടാകുമോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഒന്നിൽ കൂടുതൽ മെമ്മോറിയലുകൾ ലഭിച്ചിട്ടുണ്ടു്. അതിൽ ഒന്നിന്റെ അസ്സൽ നഷ്ടമായിപ്പോയി. മറ്റേതു് കൈവശമുണ്ടു്.

(ബി) കോപ്പിയെടുത്തു് നടപടിയെടുത്തുവരുന്നു. കാൺഫിഡൻഷ്യൽ എൻകയറിക്കു് അയച്ചിട്ടുണ്ടു്. കൺവീനർ വി. എസ്സു്. പോറ്റിക്കാണു് അയച്ചിട്ടുള്ളതു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: സർ, ഒരു പോയിന്റ് ഓഫ് ആർഡർ; ഒരു ഫയൽ ഇന്ന ഉദ്യോഗസ്ഥന്റെ കയ്യിലുണ്ടായെന്നു ചോദിക്കുന്നതു് ശരിയാണോ?

Sri. P. Nanoo: Before deciding that point of order, I want to make it clear that the information asked is only with regard to a memorial and not in regard to any file. That is not in respect of any file, but only in respect of the original of a memorial.

Mr. Speaker: With regard to the point of order raised by the hon. Member, I have to state that information regarding the stage at which a particular matter is pending may be asked for, and not with whom a file is pending.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു: നശിച്ചുപോയി എന്നു പറഞ്ഞതു് എവിടെവെച്ചാണു്?

ശ്രീ. എൽ. എം. പൈലി: ഗോഡൗണിന്റെ വെളിച്ചത്തിൽ എവിടെ വെച്ചാണെന്നു് പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പി. നാണു: ഇങ്ങനെ നശിച്ചുപോയതിനു കാരണക്കാരനായ ഉദ്യോഗസ്ഥൻ ആരാണെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: ഗോഡൗണിന്റെ വെളിച്ചത്തിൽ അതും സാധിക്കുകയില്ല.

ശ്രീ. പി. നാണു: ഗവണ്മെന്റിന്റെ കൈവശമുള്ള ഫയൽ നശിച്ചുപോയാൽ അതിനു ഉത്തരവാദിത്വമില്ലേ?

ശ്രീ. എൽ. എം. പൈലി: ഉണ്ടു്. വേണ്ട നടപടി എടുത്തുവരുന്നുണ്ടു്.

ശ്രീ. പി. നാണു: അതു് കണ്ടുപിടിച്ചുകഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതു് പറയുവാൻ നിവൃത്തിയില്ല.

കൊല്ലം എ. ഡി. കാട്ടൺ മില്ലിലെ തുണികൾ

*വ്യ. (ന) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഫൻ ൫ ൦ സെപ്റ്റംബർ മുതൽ എ. ഡി. കാട്ടൺ മില്ലിലെ തുണിത്തരങ്ങൾ എല്ലാംതന്നെ വിദേശങ്ങളിലേക്കു് കയറ്റുമതി ചെയ്യുവരുന്നുണ്ടോ;

(ബി) ഇവ ഈ രാജ്യത്തു് വില്പനചെയ്യാതെ കയറ്റുമതി ചെയ്യുവരുന്നതു് എന്തുകൊണ്ടാണു്?

ധനകാര്യവും, ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര): (എ) ഇല്ല. ഫൻ ൫ ൦ സെപ്റ്റംബർ മുതൽ ൫൭ ജനുവരിവരെ അവിടത്തെ തുണിയിൽ ൫ ബയിൽ കഴിച്ചു ബാക്കിയുള്ളവ എല്ലാംതന്നെ വിദേശങ്ങളിലേക്കു അയച്ചുവന്നു. ൫൭ ഫെബ്രുവരിമുതൽ ഉണ്ടാക്കുന്ന എല്ലാംതന്നെ വെളിയിൽ അയക്കാതെ ഇവിടെത്തന്നെ വിതരണം ചെയ്യുവരുന്നുണ്ടു്.

(ബി) ഈ കാലങ്ങളിൽ കേന്ദ്രഗവണ്മെന്റു് നിർദ്ദേശിച്ചതുകൊണ്ടു് അവർ വെളിയിലേക്കു് അയച്ചതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഓരോ മാസവും അവിടത്തെ സ്റ്റോക്കു് തിട്ടപ്പെടുത്തുന്നുണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങനെ ചെയ്യാമെന്നു വിചാരമുണ്ടു്. എന്നാൽ സംശയം തോന്നുന്ന അവസരത്തിൽ മാത്രമെ അങ്ങനെ തിട്ടപ്പെടുത്തുന്നുള്ളു.

ശ്രീ. പി. കെ. കുമാരൻ ആചാരി: സ്റ്റോക്കു് തിട്ടപ്പെടുത്തിയതിനുശേഷം വിതരണത്തിനു് എന്തു ഏർപ്പാടാണു് ചെയ്യുന്നതു്?

ശ്രീ. കെ. എം. കോര: അതിനു് പ്രത്യേകിച്ചു് നിബന്ധന ഒന്നുമില്ല.

ശ്രീ. പി. കെ. കുമാരൻ ആചാരി: സ്റ്റോക്കു് തിട്ടപ്പെടുത്താതെ എങ്ങനെ വിതരണം ചെയ്യും?

ശ്രീ. കെ. എം. കോര: ഫൻ ൫ ൦-ൽ സ്റ്റോക്കു് ധാരാളം ചെയ്തിരുന്നതുകൊണ്ടു് അവരുടെ ഒരു നിവേദനം സെൻട്രൽ ഗവണ്മെന്റിലേക്കു് ലഭിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly